# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 2
JANUARY - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

ജാമക്കാരൻ JAMAKKARAN

കർത്താവിൽ പ്രിയരെ,



ഈ മാസവും മാസിക വഴി നിങ്ങളെ സന്ദർശിക്കുന്നതിൽ എനിക്ക് സന്തോഷം. മാസികയിൽ വരുന്ന ഓരോരോ ലേഖനങ്ങളും നിങ്ങൾ എല്ലാപേർക്കും വളരെ പ്രയോജനകരമായിരുന്നു എന്ന് നിങ്ങളുടെ കത്തുകൾ വഴിയായി അറിഞ്ഞതിൽ വളരെ സന്തോഷം.

ഈ വർഷം (2024) ഒക്ടോബർ വരെ യോഗങ്ങൾക്ക് തീയതി കൊടുത്തുകഴിഞ്ഞു. ഓരോരോ മാസവും 2 ആഴ്ച് ഞാൻ വീട്ടിൽ മറ്റു ദൈവവേലകളെ ചെയ്യുവാൻ ഒരുക്കത്തിന് വേണ്ടി കൺവെൻഷൻ തീയതി കൊടുത്തിട്ടില്ല.

ഇത് സി.എസ്.ഐ. മാർത്തോമ വിശ്വാസികൾക്ക് നോമ്പു ദിവസങ്ങൾ ബൈബിളിൽ ഇല്ലാത്ത 40 ദിവസഏർപ്പാടുകൾ

FEBRUARY - 2024

രക്ഷിക്കപ്പെടാത്ത സഭാംഗങ്ങൾ തങ്ങളെ പരിശോധിക്കുവാനും ശരിപ്പെടുത്തുവാനും ഉപയോഗിക്കുന്നത് നങ്ങൾക്ക് നല്ലത്.

നിങ്ങൾ എല്ലാവർക്കും വേണ്ടി ഞാൻ തുടർന്നും പ്രാർത്ഥിക്കുന്നു.

ഞാനും എന്റെ ഭാര്യയും പൂർണ്ണ സുഖത്തോടെ വീട്ടിൽ ഇരിക്കുന്നു. രണ്ടു മക്കളും അവരുടെ കുടുംബത്തോടെ അവരുടെ സ്ഥലത്തു ജീവിക്കുന്നതുകൊണ്ട് എന്റെ വലിയ വീട്ടിൽ ഞാനും എന്റെ ഭാര്യയും അടുക്കള ജോലി ചെയ്യുന്നവരും മാത്രം ഇരിക്കുന്നു. ഞങ്ങൾക്കു വേണ്ടിയും നിങ്ങൾ തുടർന്ന് പ്രാർത്ഥിക്കണം. അടുത്ത മാസം മഹാരാഷ്ട്രയിൽ ഉള്ള മീറ്റിംഗിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

# Tamilnadu Keswick Convention, Kovilpatti



# നഷ്ടപ്പെടുത്തിയ അവസരങ്ങൾ

ഡോ. ലിലിയൻ സ്റ്റാൻലി



Dr. LILIYAN STANLY,
M.B.B.S., D.CH.,

നഷ്ടപ്പെടുത്തിയ അവസരങ്ങളെച്ചൊല്ലി വിലപിക്കുന്നവരെ ക്കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു. ക്രിസ്സ്മസ്സ് കഥയിലെ സത്രം സൂക്ഷിപ്പുകാരൻ അവരിലൊരാളാണ്. പേർവഴി ചാർത്താൻ അവിടെ വന്ന ധനികരായ ആളുകളെ പരിചരിക്കുന്നതിൽ അവൻ തിരക്കിൽ ആയിരുന്നിരിക്കാം. ഗർഭിണിയായ ഭാര്യയെ കഴുതപ്പുറത്തു കയറ്റി രാപാർക്കാൻ ഇടം തേടി വന്ന ദരിദ്രനായ മനുഷ്യൻ അവന്റെ കണ്ണിൽ പെട്ടിരിക്കയില്ല. സത്രത്തിലെ മാന്യന്മാരായ ഇടപാടുകാർക്ക് ഒരു തുടർച്ചയായിത്തീരാതിരിക്കാൻ ഇവരെ പിൻഭാഗത്തേക്ക് പുറന്തള്ളിയിരിക്കാം. ഈ സ്ത്രീയാണ് ആ രാത്രിയിൽ മശിഹ ജന്മം നൽകേണ്ടവളെന്ന് സത്രം സൂക്ഷിപ്പുകാരൻ അറിഞ്ഞിരുന്നെങ്കിൽ... ''അവൻ ആവേശഭരിതനായി ബഹുമാന്യരായ അതിഥികളെ കാലിത്തൊഴുത്തിലേക്ക് മാറ്റിയിട്ട്, ആ ദരിദ്ര ദമ്പതികൾക്ക് പ്രഥമ സ്ഥാനം നൽകുമായിരുന്നു" എന്ന് 'അവസരം നഷ്ടമാക്കിയ സത്രം' എന്ന പദ്യത്തിൽ ആമോസ് വെൽസ് എഴുതിയിരിക്കുന്നു. തന്റെ സത്രത്തിനു സമീപം ആട്ടിടയന്മാർ ഒന്നാം ക്രിസ്മസ്സ് ആഘോഷിക്കവേ, സത്രം സൂക്ഷിപ്പുകാരൻ അത് നഷ്ടമാക്കി. ഇതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം നഷ്ടപ്പെടുത്തുന്ന അവസരങ്ങളെക്കുറിച്ച് ഞാൻ ഓർമ്മിച്ചു. അവസരം ആർക്കും വേണ്ടി കാത്തുനിൽക്കുന്നില്ല എന്ന് ഒരു പഴമൊഴിയുണ്ട്. നഷ്ടപ്പെടുത്തുന്ന അവസരങ്ങൾ നാം പ്രയോജനപ്പെടുത്തുന്ന അവസരങ്ങളെക്കാൾ അധികമായിരിക്കയാൽ നാം ജാഗ്രത പാലിക്കേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്ന വസ്തുതകൾ അതിനു നമ്മെ സഹായിക്കട്ടെ.

## നിങ്ങൾ അനുതപിക്കയില്ലേ?

**കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതു പോലെ ചേർത്തുകൊൾവാൻ എത്രപ്രാവശ്യം മനസ്സായിരുന്നു** എന്ന് യെരൂശലേമിനെച്ചൊല്ലി യേശു വിലപിച്ചു. എന്നാൽ, തിരിഞ്ഞു വരാൻ അവർക്ക് മനസ്സായില്ല (ലൂക്കൊസ് 13:34). പിന്നെ, ഒരുനാൾ നാശം അവരുടെ മേൽവന്നു. എന്നാൽ യിസ്രായേല്യർക്കോ അത് വൈകിവന്ന അനുതാപമായിരുന്നു.

തന്റെ ജന്മാവകാശം വിറ്റുകളഞ്ഞപ്പോൾ, രക്ഷിതാവിന്റെ വംശാവലിയിൽ ആയിത്തീരാനുള്ള അവസരം ഏശാവ് നഷ്ടപ്പെടുത്തി. പിൽക്കാലത്ത് കണ്ണുനീരോടുകൂടെ ദുഃഖിച്ചെങ്കിലും അനുതപിക്കാൻ അവന് കഴിഞ്ഞില്ല (എബ്രാ. 12:15–17). അതിനാൽ ഏശാവിന്റെ തിക്താനുഭവം വരാതിരിക്കാൻ സൂക്ഷിക്കുവിൻ.

അവസരങ്ങൾ അപൂർവ്വ നിമിഷങ്ങളാണ്. അതിനാലാണ് ദൈവത്തിന്റെ കൃപയെ തുച്ഛീകരിക്കരുതെന്ന് പൌലൊസ് അപേക്ഷിക്കുന്നത്. **"ഇപ്പോൾ ആകുന്നു സുപ്രസാദകാലം: ഇപ്പോൾ ആകുന്നു രക്ഷാദിവസം"** (2 കൊരി. 6:1,2). ഓരോ കൺവെൻഷൻ യോഗവും, റേഡിയോ സന്ദേശവും, ലഘുലേഖയും ഒരു ആത്മസമ്പാദകന്റെ അപേക്ഷയും വീണ്ടും ജനിക്കപ്പെടാൻ നമുക്കു ലഭിക്കുന്ന ഒരു അവസരമാകുന്നു. വീണ്ടും വീണ്ടും രക്ഷാ സന്ദേശം ശ്രവിച്ചു നിങ്ങൾക്ക് നിങ്ങളുടെ പ്രതികരണം ഇനിമേലാൽ മാറ്റി വയ്ക്കാൻ സാധിക്കയില്ല. പിന്നീട് കണ്ണുനീരോടുകൂടെ നിങ്ങൾ അന്വേഷിച്ചാലും അനുഗ്രഹങ്ങൾ ലഭിച്ചെന്നു വരികയില്ല. ദൈവം വീണ്ടും വീണ്ടും നിങ്ങളെ വിളിക്കുന്നു. അവസരം വീണ്ടും നിങ്ങൾ നഷ്ടമാക്കുമോ? ഇപ്പോൾ തന്നെ ക്രിസ്തുവിനായി നിങ്ങളുടെ ഹൃദയത്തെ തുറക്കുവിൻ. അവൻ നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തും.

ക്രൂശിലെ മറ്റെ കള്ളൻ മഹത്വകരമായ ഒരു പറുദീസ നഷ്ടമാക്കിയത്. തന്റെ കൂട്ടുകാരനെക്കാൾ അവൻ കൂടുതൽ ദുഷ്ടനായതിനാലല്ല, മറിച്ച്, അവൻ തന്റെ വിലയേറിയ അവസരം നഷ്ടപ്പെടുത്തിയതിനാലാണ്, ക്രൂശീകരണ ദിവസത്തിൽ, ക്രിസ്തുവിനോടുകൂടെ പറുദീസയിൽ ആയിത്തീർന്ന കള്ളനെക്കുറിച്ച് ചിന്തിക്കുവിൻ! പറുദീസയ്ക്കും പാതാളത്തിനും മദ്ധ്യേ ഒരു വാചകത്തിന്റെ അകൽച്ച മാത്രം പൂർണ്ണഹൃദയത്തോടെ **"യേശുവേ, നീ രാജത്വം പ്രാപിച്ചു**

**വരുമ്പോൾ എന്നെയും ഓർക്കേണമേ"** എന്ന ആ വാചകം ഇന്ന് നിങ്ങൾ പറകയില്ലേ?

## നിങ്ങൾക്കായി ദൈവം തിരഞ്ഞെടുത്ത പങ്കാളിയെ വരിക്കുകയില്ലേ?

ഏറ്റവും അടുത്ത ബന്ധുവിന് രൂത്തിന്റെ ഭൂമി വാങ്ങാൻ കഴിയുമായിരുന്നു. ഇടപാട് വളരെ ആകർഷണീയവും അത് വാങ്ങാൻ ബന്ധുവിന് വളരെ താല്പര്യവും, എന്നാൽ അതിൽ ഒരു കുരുക്ക് ആര് ഭൂമി വാങ്ങുന്നുവോ അവൻ തന്നെ റൂത്തിന്റെ മുൻ ഭർത്താവിന്റെ അവകാശം നിലനിർത്തേണ്ടതിന് രൂത്തിനേയും കൂടെ സ്വീകരിക്കേണ്ടതുണ്ട്. ഇതുകേട്ട മാത്രയിൽ അടുത്ത ബന്ധു അവന്റെ സമ്മതത്തിൽ നിന്നും പിന്മാറി. അവന് തന്റെ അവകാശത്തെ നശിപ്പിക്കാൻ ആഗ്രഹമില്ലായിരുന്നു. അവന് ഭൂമി വേണമെങ്കിലും, സ്ത്രീയെ ആവശ്യമില്ല. എന്നാൽ, ബോവസ്സ് വസ്തു വാങ്ങുകയും റൂത്തിനെ വിവാഹം കഴിക്കുകയും ചെയ്തു. മരിച്ചുപോയ ആളിന്റെ പേര് നിലനിർത്താൻ അവൻ ബാധ്യസ്ഥനായിരുന്നെങ്കിലും, യേശുക്രിസ്തുവിന്റെ ആദ്യ പിതാവായി ബോവസ്സിനെ വേദപുസ്തകം കണക്കാക്കുന്നു (മത്തായി 1:5), ആലോചന വന്നിരിക്കുന്ന പെൺകുട്ടി സകലജാതികളുടെയും മനോഹരവസ്തുവിന്റെ ആദ്യമാതാവാണെന്ന് അറിഞ്ഞിരുന്നെങ്കിൽ (ഹഗ്ഗായി 2:7) രണ്ടാമതൊരു ചിന്തകൂടാതെ തന്നെ "ഞാൻ ചെയ്യാം" എന്ന് റൂത്തിന്റെ ഏറ്റവും അടുത്ത ബന്ധു സമ്മതിക്കുമായിരുന്നു. അവൻ തന്റെ സ്വന്തം അവകാശത്തെ നശിപ്പിക്കാതെ അതിനെ ഉറപ്പിക്കുമായിരുന്നു.

വിവാഹകാര്യത്തിൽ, പണം, ഉദ്യോഗം, യോഗ്യത, സൗന്ദര്യം എന്നിവയിൽ മാത്രം കണ്ണുകൾ പതിച്ച് വിവാഹം കഴിക്കേണ്ട പെൺകുട്ടിയുടെ സ്വഭാവസവിശേഷതകളെ കൂടുതൽ വിലകൽപ്പിക്കാത്ത അനേകം യുവാക്കൾ ഇക്കാലത്തുണ്ട്. അവളോടൊപ്പം ഉണ്ടായിരുന്ന കുരുക്കു നിമിത്തം രൂത്തിന്റെ അടുത്ത ബന്ധു അവളെ വേണ്ടെന്നു വച്ചു. അവൻ എന്തു മാത്രം നഷ്ടമാക്കി എന്ന് ചിന്തിക്കുവിൻ, ദൈവശബ്ദത്തിനനുസരണമായി, മറിയയെ ഭാര്യയായി സ്വീകരിച്ചിരുന്നില്ലെങ്കിൽ യോസേഫ് ഏറ്റവും വലിയ അവസരം നഷ്ടപ്പെടുത്തുമായിരുന്നു. പ്രിയ യുവാവേ, യുവതിയേ, ശരിയായ വ്യക്തിയെ നിങ്ങൾ തിരഞ്ഞെടുക്കുമെങ്കിൽ കുരുക്കിനെ ഒരു അനുഗ്രഹ കലവറയായി ദൈവം

മാറ്റും. ഏതെങ്കിലും ലൌകീക കാരണത്താൽ ഒരു ദൈവിക അവകാശം നഷ്ടമാക്കരുതേ.

എന്റെ മാതാപിതാക്കൾ ഒരു ദരിദ്ര കുടുംബത്തിൽ നിന്നും ഒരു പുരുഷനെ എനിക്കു വേണ്ടി ആലോചിക്കുകയും, ഞാൻ അതിന് സമ്മതം പറയുകയും ചെയ്തപ്പോൾ, ഞങ്ങളുടെ ചില ബന്ധുക്കൾക്ക് വളരെ സന്തോഷമില്ലായിരുന്നു. എന്റെ ബന്ധുക്കളുടെ അഭിപ്രായങ്ങൾക്കു വിധേയപ്പെട്ട് ദൈവം തിരഞ്ഞെടുത്ത എന്റെ പങ്കാളിയെ ഞാൻ തിരസ്കരിച്ചിരുന്നുവെങ്കിൽ...? എന്നു ചിന്തിക്കുവാൻ പോലും കഴിയുന്നില്ല.

## നിങ്ങൾ കർത്താവിനായി കാത്തിരിക്കയില്ലേ?

പ്രഭാത ധ്യാനസമയങ്ങളിൽ നഷ്ടപ്പെട്ട അവസരങ്ങളെക്കുറിച്ച് ധ്യാനിക്കാൻ യോഹന്നാൻ 20–നെ നമ്മുടെ ധ്യാനങ്ങളിൽ തിരഞ്ഞെടുക്കാവുന്നതാണ്. മറിയ തിരഞ്ഞെടുത്ത നല്ല അംശത്തിൽ (ലൂക്കൊ. 10:42) ഏതൊരു സാഹചര്യത്തിലും ആരും അപഹരിക്കാത്ത വിധം അവൾ ഉറച്ചു നിന്നു. പ്രഭാതധ്യാനത്തിൽ മറിയ ഇരുന്നു എന്നു നമുക്ക് സങ്കല്പിക്കാം. ചുറ്റുമെല്ലാം അന്ധകാരമായതിനാൽ അവൾക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ശുഭാപ്തി വിശ്വാസത്തോടെ അവൾ മുന്നേറി (യോഹ. 20:1), അവൾ നിരാശപ്പെടാതെ നീങ്ങിയപ്പോൾ തടസ്സങ്ങൾ മാറിപ്പോയി. അങ്ങനെയായിരുന്നിട്ടും. അത് ജീവനറ്റ കല്ലറയുടെ അനുഭവമായിരുന്നു. മറിയ പട്ടണത്തിലേക്ക് ഓടിപ്പോയി ശിഷ്യന്മാരെ അറിയിച്ചിട്ട് വീണ്ടും കല്ലറയിലേക്ക് ശ്വാസം പിടിച്ചുകൊണ്ട് ഓടി മടങ്ങിയെത്തി (ധ്യാനവേളയിൽ ബദ്ധപ്പെട്ട് എഴുന്നേറ്റ് കൂടെ കൂടെ വീട്ടുകാര്യങ്ങൾ ഒക്കെ ചെയ്ത് വീണ്ടും ധ്യാനത്തിനായി വരുന്ന വീട്ടമ്മയെ പോലെ!) നിമിഷങ്ങൾ പറന്നു നീങ്ങി. തന്റെ നിർജ്ജീവ ധ്യാനത്തെ ഓർത്തു അവർ കണ്ണുനീർ ഒഴുക്കി നിൽക്കുമ്പോൾ തന്റെ കർത്താവിനെ കാണുവാനുള്ള വാഞ്ഛ അവളുടെ ഹൃദയത്തെ കവർന്നു (വാക്യം 11), അവൾ കല്ലറയ്ക്കുള്ളിലേക്ക് നോക്കിയപ്പോൾ, രണ്ട് ദൂതന്മാരെ കണ്ടു (വാക്യം 12) അവരെ കാണുവാൻ ആവശ്യമായ വെളിച്ചമുണ്ടായിരുന്നു. സാവകാശമായി വെളിച്ചം വർദ്ധിച്ചു. ദൂതന്മാരിൽ നിന്നും ഒരു സന്ദേശം അവൾക്കു ലഭിച്ചു (വാക്യം 13). എന്നാൽ അവൾ വേഗത്തിൽ നിരാശപ്പെടുന്നവൾ അല്ല. അവൾക്ക് അവളുടെ കർത്താവിനെ കാണാൻ താല്പര്യമുണ്ട്. നിശ്ചയമായും യേശു അവിടെ ഉണ്ടായിരുന്നിട്ടും അവൾ അവനെ മനസ്സിലാക്കിയില്ല. ഇപ്പോൾ

പ്രഭാതരശ്മി വന്നിരിക്കുന്നു. “മറിയേ” എന്ന് യേശു അവളെ പേർ ചൊല്ലി വിളിച്ചു. അത് തികച്ചും വ്യക്തിപരമായിരുന്നു! പിന്നെ ആ ദിവസത്തെ സന്ദേശം യേശു അവൾക്ക് നൽകി. അവൾക്ക് അവന്റെ ശബ്ദം തിരിച്ചറിയാമായിരുന്നു. അവൾ അവനെ മനസ്സിലാക്കി, അവനോട് സംസാരിച്ച്, അവന്റെ കാൽക്കൽ വീണു (വാക്യം 16,17). ഇപ്രകാരം അവൾ ക്രമേണയായി പ്രതിബന്ധങ്ങളെ മറികടന്ന് പ്രാഭാതധ്യാനത്തിന്റെ ഉച്ചകോടിയിലെത്തി. അവൾ ‘അലാറം ക്ലോക്ക്’ ക്രമീകരിച്ച് അതിരാവിലെ എഴുന്നേറ്റ് കണ്ണുതിരുമ്മി ഓടിയില്ലാതിരുന്നെങ്കിൽ, അവൾക്ക് ഉണ്ടാകാവുന്ന നഷ്ടം കണക്കിടുക സാദ്ധ്യമല്ല.

ശിഷ്യന്മാർ നഷ്ടപ്പെടുത്തിയത് എത്ര സുവർണ്ണ അവസരമായിരുന്നു! യേശു മരിച്ചിട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന് ഒന്നിലധികം പ്രാവശ്യം ശിഷ്യന്മാരോട് യേശു പറഞ്ഞിരുന്നു. അതിനോട് അവർ കോപത്തോടും (മത്തായി 16:21,22) സങ്കടത്തോടും (മത്തായി 17:23), ലാഘവത്തോടും (ലൂക്കൊസ് 9:22), അലംഭാവത്തോടും (മർക്കൊസ് 10:35), ഭയത്തോടും (മർക്കൊസ് 9:31, 32) പ്രതികരിച്ചു. പിന്നെ യേശു മരിച്ചു. അവൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് സംഭവിച്ചുവോ എന്നെങ്കിലും ചെന്ന് അന്വേഷിക്കേണ്ടതായിരുന്നില്ലേ?

ഇപ്രകാരമാണ് നമ്മിലനേകരും നമ്മുടെ പ്രഭാത ധ്യാന വേളകളിൽ കർത്താവിന്റെ സന്ധിക്കൽ നഷ്ടപ്പെടുത്തുന്നത്. നാം ധ്യാനം പരിശീലിക്കുകയും, പ്രതിസന്ധികളെ അവഗണിച്ചുകൊണ്ട് അതിനെ നിലനിർത്തുകയും ചെയ്യുമെങ്കിൽ, ദിവസങ്ങളും, മാസങ്ങളും വർഷങ്ങളും കഴിയുമ്പോൾ, നമ്മുടെ അന്ധകാരമയമായ അനുഭവങ്ങൾ മദ്ധ്യാഹ്ന സൂര്യൻ പോലെ തിളങ്ങി ശോഭിച്ച് യേശുവിനോടൊപ്പം ചേർന്ന് നടക്കുന്ന ഒരു ജീവിതാനുഭവത്തിലേക്ക് അത് നമ്മെ നയിക്കും. ദൈനംദിനം ദൈവത്തിന് നമ്മോടു സംസാരിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കും. ഓരോ ദിവസവും ധന്യമാണ്. പ്രതിദിന മന്ന നമുക്ക് നഷ്ടപ്പെടുത്താതിരിക്കാം.

## ആവശ്യത്തിലിരിക്കുന്നവരെ നിങ്ങൾ സഹായിക്കുകയില്ലേ?

ധനികനായ മനുഷ്യന് ലാസർ എന്ന പേരിൽ, അവന്റെ പടിവാതിൽക്കൽ തന്നെ അവസരം കാത്തുകൊണ്ടിരുന്നു. (ലൂക്കൊസ് 16:19–31). അവസരം അവനിൽ നിന്നും വഴുതിപ്പോയതല്ല. അതിനെ മനപൂർവ്വം പുറന്തള്ളിയതായിരുന്നു. അവന്റെ

മേശയിൻ കീഴിലെ അപ്പനുറുക്കുകളെ എടുത്ത് അവശതയിലിരിക്കുന്ന യാചകന് നൽകാൻ തന്റെ വേലക്കാരോട് എങ്കിലും അവന് കല്പിക്കാമായിരുന്നു. അവൻ ദൂതന്മാരെ സൽക്കരിക്കാൻ വിട്ടുപോയി എന്നു മാത്രമല്ല, ഒരു ദൂതനെ പോലെയായി ദൂതന്മാരുടെ വാസസ്ഥലത്ത് ആയിത്തീരുന്നതും നഷ്ടമാക്കി. "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞേടത്തോളം എനിക്കു ആകുന്നു ചെയ്യാഞ്ഞതു" (മത്തായി 25:45). ഓരോ യാചകന്റെയും മുഖം യേശുവിന്റെ വാക്കുകളെ നമ്മെ ഓർമ്മിപ്പിക്കട്ടെ.

ഒരു വാഹനാപകടത്തിൽ, വാഹനത്തിനുള്ളിൽ കുടുങ്ങിപ്പോയ ഒരു സ്നേഹിത വഴി യാത്രികരോട് താൻ സഹായത്തിനായി യാചിച്ച വിധത്തെക്കുറിച്ച് ഞങ്ങളോട് പറഞ്ഞു. ഒരു സംഘം പാസ്റ്റർമാരും ഈ അപകടം കാണാൻ കാർ നിർത്തിയെങ്കിലും, ശവങ്ങളോടൊപ്പമായിരുന്ന അവളെ രക്ഷിക്കാൻ ശ്രമിക്കാതെ കടന്നുപോയി. "ചെറിയവരിൽ ഒരാൾ ഇവരിലുമുണ്ടായിരിക്കുമെന്നതിനാൽ, നാം സഹായിക്കേണ്ടതാണ്. ഒരു അപരിചിതനും അവന്റെ പത്ത് ഒട്ടകങ്ങൾക്കും വെള്ളം കോരിക്കൊടുക്കാൻ റാഹേലിന് ഒരു ക്ഷീണവുമുണ്ടായിരുന്നില്ല. ആ ദയാ പ്രവൃത്തിയിലൂടെ, സമ്പൽസമൃദ്ധമായ ഒരു വിവാഹ ഉടമ്പടിയിൽ അവൾ മുന്നറിവ് കൂടാതെ തന്നെ പെടുകയായിരുന്നു. അർദ്ധപ്രാണനായ ഒരു മനുഷ്യൻ യെരീഹോവിലേക്കുള്ള മാർഗ്ഗമദ്ധ്യേ തന്റെ ജീവനുവേണ്ടി പോരാടുകയായിരുന്നു. ഒരു പുരോഹിതൻ കടന്നുവന്നു അവിചാരിതമായി മരിക്കുന്ന ഒരു മനുഷ്യന് ജീവൻ നൽകാൻ അത് എത്രമാത്രം നല്ല ഒരു അവസരമായിരുന്നു. എന്നാൽ, അർദ്ധപ്രാണനായ മനുഷ്യനെ അദ്ദേഹം കണ്ടപ്പോൾ, ഒഴിഞ്ഞുപോകയാണ് ചെയ്തത്. ലേവ്യനും ഈ ദുരന്തകാഴ്ചയുടെ നേരെ കണ്ണടച്ചു. എന്നാൽ ഒരു ശമര്യക്കാരന് യേശുവിനെപ്പോലെ മനസ്സലിവ് തോന്നി, തന്റെ ബിസിനസ്സിലെ താമസത്തെക്കുറിച്ചോ, ചിലവാക്കിയ പണത്തെക്കുറിച്ചോ, മരിക്കാറായ മനുഷ്യനെ ഏകനായി തന്റെ കഴുതപ്പുറത്തുകയറ്റി കൊണ്ടുപോകുന്നതിനെക്കുറിച്ചോ ഒന്നും തന്നെ ഭാരപ്പെട്ടില്ല. അവൻ വഴിയിൽ വച്ച് മരിച്ചുപോയാൽ എന്ത്? കോടതിയിൽ ഒരു സാക്ഷിയായി നിൽക്കുന്നതിനെയും ശവസംസ്കാര ചിലവിനെയും കുറിച്ച് അവൻ ചിന്തിച്ചില്ല. നന്മ ചെയ്യാനുള്ള അവസരം കൈവിട്ടുപോകാൻ അവൻ ആഗ്രഹിച്ചില്ല. നമുക്കും "പോയി അതുപോലെ ചെയ്യാം".

## നിങ്ങളുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുകയില്ലേ?

ഓർപ്പാ തന്റെ അമ്മാവിയമ്മയെ സ്നേഹിച്ചിരുന്നെങ്കിലും, വാർദ്ധക്യത്തിലായ അവരെ കരുതുന്നതുനായി അവൾ തന്റെ സമയം നഷ്ടപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. എന്നാൽ, രൂത്തോ, സംഭവവികാസങ്ങളുടെ മാറ്റിമറിച്ചിലുകൾക്കിടയിലും യാതൊരു കുലുക്കവും കൂടാതെ, ചുമതല സ്വന്തം ചുലിൽ ഏറ്റെടുത്തു. മരിച്ചുപോയ ഭർത്താവിന്റെ മാതാവിനെ പരിചരിക്കാൻ ഏത് നിയമമാണ് അവളെ നിർബ്ബന്ധിക്കുന്നത്? ഒരു നാഴിക വഴിപോകുവാൻ നിർബ്ബന്ധിക്കുമ്പോൾ രണ്ടു നാഴിക കൂടെ പോകുന്നതാണ് സൽസ്വഭാവം. ഹൃദയം തകർന്ന അമ്മാവിയമ്മക്കുവേണ്ടി ചെയ്ത നല്ല പ്രവർത്തിയെയാണ് ബോവാസ് രൂത്തിനെ ഒന്നാമതായി പ്രശംസിച്ചത് (രൂത്ത് 2:11). തന്റെ ഭാര്യയായിരിക്കുന്നതിനും, തന്റെ പ്രായമേറിയ മാതാവിനെ പരിരക്ഷിക്കേണ്ടതിനുമായി ഒരു മനുഷ്യത്വമുള്ള പെൺകുട്ടിയെ അവൻ അന്വേഷിച്ചുകൊണ്ടിരുന്നിരിക്കാം. ആ പെൺകുട്ടിയെ അവൻ രൂത്തിൽ കണ്ടെത്തി. നിയമപ്രകാരം രൂത്തിന്റെ വസ്തു ബോവാസ് വാങ്ങിയെങ്കിൽ, അവൻ രൂത്തിനെ വിവാഹം ചെയ്യണമായിരുന്നു. എന്നാൽ, അവളുടെ അമ്മാവിയമ്മയെ സംരക്ഷിക്കണമെന്ന ഒരു പ്രമാണവും ഉണ്ടായിരുന്നില്ല. എന്നാൽ, യേശുവിന്റെ വളർത്തു പിതാവായ യോസേഫിനെ പോലെ, ബോവാസിന്റെ നീതി പ്രവൃത്തി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവച്ചുവച്ചു (മത്തായി 5:20), മാതാപിതാക്കളും മുറപ്രകാരം ബന്ധുക്കളും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കയില്ല. എത്രമാത്രം വേദനയോടെ അവർ നിങ്ങളെ ചുമന്നു എന്നും നിങ്ങളുടെ രോഗാവസ്ഥകളിൽ നിങ്ങളുടെ കിടക്കയ്ക്കരികെ എത്ര മണിക്കൂറും, ദിവസവും, ആഴ്ചകളും ചിലവിട്ടു എന്നും, ആഹാരം, വസ്ത്രം, വിദ്യാഭ്യാസം, അച്ചടക്കം, വിശ്വാസം എന്നിവ നിങ്ങളിൽ ചൊരിഞ്ഞു എന്നും നിങ്ങൾ ചിന്തിക്കുവിൻ. അവർ നിങ്ങളെ സന്ദർശിക്കുമ്പോൾ അവരിൽ സ്നേഹം പകരുവിൻ, അവരെ സന്തോഷിപ്പിക്കാൻ കഴിയുന്നതൊക്കെ ചെയ്യുവിൻ ജീവിതം ഹ്രസ്വമാകുന്നു; ഏത് അവസരത്തും അവരുടെ ഭൌതിക ഭവനത്തിൽ നിന്നും അവർ മാറ്റപ്പെടാം. നിങ്ങളുടെ നേർ അവർ ഉപയോഗിച്ച വാക്കുകളും ക്രിയകളും മടങ്ങിവന്ന് നിങ്ങളുടെ ഓർമ്മയെ വ്രണപ്പെടുത്തുകയല്ല; മറിച്ച് നിങ്ങളുടെ പരമാവധി നന്മ നിങ്ങൾ ചെയ്തിരിക്കുന്നു എന്ന ചിന്തയിൽ അവ നിങ്ങളെ ആശ്വസിപ്പിക്കണം. അവരുടെ കല്ലറയിൽ കുറെ പുഷ്പങ്ങൾ വിതറുന്നതുകൊണ്ട് കുറ്റബോധം തൂത്തുകളയുവാൻ കഴികയില്ല.

ഇതുപോലെതന്നെ, കുട്ടികൾ കൊണ്ടുവരുന്ന സന്തോഷം അനുഭവിക്കുന്നതിനുള്ള അവസരങ്ങൾ മാതാപിതാക്കന്മാരും നഷ്ടമാക്കരുത്. ബാല്യവും യൗവ്വനവും ആർക്കുവേണ്ടിയും കാത്തു നിൽക്കുന്നില്ല. മക്കളോട് ക്രൂരമായി പെരുമാറുകയും, അവരെ തള്ളിക്കളയുകയും, അവഗണിക്കുകയും ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ കാലചക്രം പുറകോട്ട് തിരിക്കുവാൻ കഴിയാതെ കണ്ണുനീരൊഴുക്കുന്ന സംഭവങ്ങൾ വളരെയാണ്.

## ദ്രവ്യാഗ്രഹത്തെ നിങ്ങൾ ഉപേക്ഷിക്കയില്ലേ?

എലീശാ സ്വന്തമായി കലപ്പ ഉഴുതുകൊണ്ട് മറ്റ് പതിനൊന്ന് കലപ്പകൾക്ക് മേൽനോട്ടം വഹിക്കുന്ന ഒരു ധനികനായ മനുഷ്യൻ ആയിരുന്നു. എന്നാൽ, ഏലിയാവ് തന്റെ പുതപ്പ് അവന്റെ മേൽ എറിഞ്ഞുകൊടുത്തപ്പോൾ അവൻ "കാളകളെ വിട്ട്" ഏലിയാവിന് പിന്നാലെ ഓടി. ആ സന്ദർഭത്തെ ഒരു വിരുന്നൊരുക്കിയും അവർ ആഘോഷിച്ചു (1 രാജാ. 19:19–21). അവൻ അവസരം പ്രയോജനപ്പെടുത്തി ഏലിയാവിന്റെ പിൻഗാമിയായിത്തീർന്നു. ഗേഹസ്സിക്കും ദ്രവ്യാഗ്രഹത്തെ വിട്ടുപിരിഞ്ഞ്, ദൈവവേലയോട് പറ്റിച്ചേരാനുള്ള മനസ്സ് ഉണ്ടായിരുന്നെങ്കിൽ, ഇരട്ടി ശക്തിയുള്ള എലീശയുടെ പുതപ്പ് 2 ഇരട്ടിയോടെ അവന്റെ മേൽ വീഴുമായിരുന്നുവല്ലോ. എന്നാൽ, ഗേഹസ്സിയുടെ നോട്ടം ദൈവത്തിലല്ലാ, എലീശയുടെ വടിയുടെ മാന്ത്രികശക്തിയിൽ ആയിരുന്നു (2 രാജാ. 4:31). ഗേഹസ്സി അത്ഭുതങ്ങൾ കൊണ്ട് കച്ചവടം ചെയ്യാമെന്ന് കരുതി (2രാജാ. 5:22). എലീശയുടെ ഹൃദയം ഗേഹസ്സിയുടെ പിന്നാലെ പോയി (5:26). എങ്കിലും, ഗേഹസി സമ്മാനങ്ങൾക്കു പിന്നാലെ പോയി. അനുഗ്രഹമല്ല, അനർത്ഥം തന്നെ അവന്റെ മേൽ വന്നു വീണു. നല്ലൊരവസരത്തെ പൊല്ലാത്തതാക്കി.

യൂദയെ സംബന്ധിച്ചിടത്തോളം, ഒരിക്കലല്ല അവസരം അവനെ മുട്ടിവിളിച്ചത്. എപ്പോഴും മുട്ടിക്കൊണ്ടിരുന്നു. അവൻ എത്രയെത്ര പ്രസംഗം കേട്ടവനാണ്. അത്ഭുതങ്ങൾ കണ്ടവനാണ്; എങ്കിലും, ഓരോ സന്ദർഭം, അവൻ ദ്രവ്യാഗ്രഹം കൈവെടിയാതെ, ഒരു കള്ളനായി ജീവിതം തുടർന്നു. യേശുവിനെ ഒറ്റിക്കൊടുത്തതിനു ശേഷം, അനുതപിക്കാൻ ഒരു അവസാന സന്ദർഭം അവന് ലഭിച്ചു. ക്രൂശിൽ തന്നെ തറച്ചവർക്ക് പാപമോചനം നൽകിയ യേശു. തന്നെ ഒറ്റിക്കൊടുത്തവനും ക്ഷമ നൽകാതിരിക്കുമോ? പക്ഷേ, യൂദാസ് ആത്മഹത്യ ചെയ്തതിനാൽ അപ്പൊസ്തല ശുശ്രൂഷയിൽ അവന് നൽകപ്പെട്ട സ്ഥാനത്തെ അവൻ നഷ്ടപ്പെടുത്തി (അ.പ്ര. 1:20). f10

## ഉപേക്ഷിക്കപ്പെട്ടവർക്കായി നിങ്ങൾ അപേക്ഷിക്കയില്ലേ?

നഷ്ടപ്പെട്ട അവസരങ്ങൾ, എപ്പോഴും ദയയും സ്നേഹവും നിറഞ്ഞ പ്രവൃത്തികൾ ചെയ്യാനുള്ളത് ആയിരിക്കണമെന്നില്ല. ഒരു ദുഷ്ട ലോകത്തിൽ നന്മ ചെയ്താൽ മാത്രം പോരാ. തിന്മയെ നാം തടയുകയും വേണം. അതിനെ എതിർത്തു കൊണ്ട് നാം മുന്നേറണം. ഗോലിയാത്ത് യിസ്രായേൽ സൈന്യത്തെ വെല്ലുവിളിക്കുകയായിരുന്നു. വരാനിരിക്കുന്ന ദുരന്തത്തെ അവർ കണ്ടുവെങ്കിലും അതിനെ അഭിമുഖീകരിക്കുവാൻ ശക്തിഹീനരായി അവർ നിലകൊണ്ടു – ദാവീദ് വരുന്നതുവരെ. ഇന്നത്തെ ഗോലിയാത്തുമാർക്ക് നാമാണ് ദാവീദുമാർ.

മുഖത്തൊക്കെ തേനീച്ചയുടെ കുത്തുകൾ ഏറ്റ് ഒരു ഉയർന്ന മരത്തിൽ നിന്നും തേൻ താഴേക്ക് കൊണ്ടുവരുന്ന രണ്ട് ഗോത്ര മനുഷ്യരെ ഞാനും എന്റെ ഭർത്താവും ഒരിക്കൽ കാണാൻ ഇടയായി. അത് വിൽക്കാൻ ആരംഭിക്കുന്നതുവരെ ഞങ്ങൾ കാത്തുനിന്നു. അപ്പോഴേക്കും പോലീസ് വേഷത്തിൽ ഒരു മനുഷ്യൻ മുന്നോട്ടുവന്ന്, അത് കളക്ടറുടെ ഓഫീസിലെ മരമാണെന്നും, അതിൽ നിന്നും തേനെടുക്കാൻ അനുമതി വാങ്ങിയിട്ടില്ലെന്നും ഒക്കെ പറഞ്ഞ് അവരെ ഭീഷണിപ്പെടുത്തി. ആ വൃക്ഷം ശരിക്കും മതിൽക്കെട്ടിന് പുറത്തായിരുന്നു. സാധുക്കളോട് തട്ടിക്കയറരുതെന്ന് ഞങ്ങൾ പോലീസുകാരോട് പറഞ്ഞു. മനം നൊന്ത ഗോത്രമനുഷ്യർ ആ മനുഷ്യനോട് സംസാരിച്ചിട്ട്, അവർ 60/– രൂപ ആവശ്യപ്പെട്ടു എന്ന് ഞങ്ങളോട് പറഞ്ഞു. ഏകദേശം ഒരു മണിക്കൂറിന്റെ വീക്ഷണത്തിനു ശേഷം വാങ്ങിപ്പോകാം എന്ന് ഞങ്ങൾ തീരുമാനിച്ചു. ഞാൻ പറഞ്ഞു: "എനിക്ക് ഈ തേനിൽ താല്പര്യമില്ല. പക്ഷേ, ഈ പാവം ഗോത്ര മനുഷ്യരെ വിവരം കെട്ട ഈ മനുഷ്യന്റെ കൈയ്യിൽ ശേഷിപ്പിച്ചിട്ട് പോകാൻ എനിക്ക് വെറുപ്പു തോന്നുന്നു''. പെട്ടെന്ന് എന്റെ ഭർത്താവ് ഒരു ശക്തി പുറത്തെടുത്ത്, ആ മനുഷ്യന്റെ പേരും വിലാസവും ആവശ്യപ്പെട്ടു. അപ്പോഴേക്കും പോലീസ് ചമഞ്ഞ ആ മനുഷ്യൻ പിന്നോട്ട് മാറി അക്ഷരാർത്ഥത്തിൽ ഓടി സ്ഥലം വിട്ടു. ആ രണ്ടു ഗോത്ര മനുഷ്യരും ഒരു അടിമയെ തുരത്തുന്നതുപോലെ ആ മനുഷ്യന്റെ പിന്നാലെ ഓടിയത് ആവേശകരമായ ഒരു ദൃശ്യമായിരുന്നു.

നാം ചിന്തിക്കുന്നതുപോലെ, ഇയ്യോബ് അത്ര മൃദുലൻ അല്ലായിരുന്നു. "അവൻ നീതികെട്ടവന്റെ അണപ്പല്ലു തകർത്തു; അവന്റെ പല്ലിന്റെ ഇടയിൽ നിന്നു ഇരയെ പറിച്ചെടുത്തു'' (ഇയ്യോബ് 29:17). സാമൂഹ്യമാനസരായ പൌരന്മാർ

അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ തീരുമാനിക്കയും, പ്രഭുത്വത്തിനെതിരായി ശബ്ദമുയർത്തുകയും ദരിദ്രർക്കുവേണ്ടി സംസാരിക്കയും ചെയ്യുമെങ്കിൽ, നമ്മുടെ പ്രദേശങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. നിങ്ങളുടെ ശബ്ദങ്ങൾ കേൾക്കപ്പെടട്ടെ. പ്രവർത്തിക്കാതിരിക്കുന്നത് ഭീരുത്വവും തിന്മയ്ക്ക് സമർപ്പണവും ആകുന്നു. സംഭവങ്ങൾ ക്ക് കേവലം ഒരു കാഴ്ചക്കാരൻ മാത്രം ആയിരിക്കരുത്. **"ഭീരുക്കൾക്ക് ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ"** (വെളി, 21:8).

## വിരുദ്ധമായ അവസരങ്ങൾ

സ്വയനിയന്ത്രണത്തിനായുള്ള അവസരങ്ങളെയും ദൈവം നമുക്കു നൽകുന്നു. നമ്മുടെ നാവിനാൽ തീ കത്തിക്കാതിരിക്കുവാനും, പ്രതികാരം ചെയ്യാതിരിക്കാനും, എതിർക്കാതിരിക്കാനും, വെറുക്കാതെ, പിറുപിറുക്കാതെ, പരാതിപ്പെടാതെ, കലഹിക്കാതെ, ക്ഷമയില്ലാതെയിലിക്കുവാനും ശപിക്കപ്പെടുമ്പോൾ ശപിക്കാതിരിക്കാനും. തിന്മയ്ക്കു തിന്മ ചെയ്യാതിരിക്കുവാനും ഇങ്ങനെ നമ്മെ സ്വയം നിയന്ത്രിക്കാൻ പല അവസരങ്ങൾ കിട്ടും, നാം പറയാതെ വിഴുങ്ങിക്കളഞ്ഞ വാക്കുകളും, പ്രതികാരം ചെയ്യാതെ അടക്കിവെച്ച സന്ദർഭങ്ങളും കടിച്ചമർത്തിയ വികാരങ്ങളും വെള്ളമൊഴിച്ചു തണുപ്പിച്ച കോപക്കനലുകളുമാണ് നമ്മുടെ നിക്ഷേപ പാത്രത്തിലെ ചില രത്നക്കല്ലുകൾ. ഇങ്ങനെയുള്ള രത്നക്കല്ലുകളെ ശേഖരിക്കുന്ന കല അഭ്യസിക്കാമോ.

അവസരങ്ങൾ നഷ്ടപ്പെടുത്തിയ ഒരു വർഷം കഴിഞ്ഞുപോയെന്നിരിക്കാം. ജാഗ്രത പാലിക്കുവിൻ! അവസരങ്ങൾ നിറഞ്ഞ ഒരു പുതുവർഷം ഇതാ നിങ്ങൾക്കു മുൻപിൽ വന്നുകൊണ്ടിരിക്കുന്നു.


**ONLINE BANKING (NEFT)**

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# മറിയ നല്കുന്ന സന്ദേശം

ആർ. സ്റ്റാൻലി



**Fr. R. STANLY**
*BYM Founder*

ദൈവം ഈ നാളുകളിൽ തന്റെ ആത്മാവിനാൽ തന്റെ ജനത്തെ മഹത്വമാംവിധം സന്ദർശിക്കുന്നു. തലയായ ക്രിസ്തുവിൽനിന്നും ഓരോ സഭയും തനിക്കുള്ള സന്ദേശം സ്വീകരിക്കുന്നു (വെളി. 2:3). ക്രിസ്തീയഗോളത്തിലെ ഏറ്റവും വലിയ വിഭാഗം റോമൻ കത്തോലിക്കാസഭയാണ്. ലോകമെങ്ങുമുള്ള റോമൻ കത്തോലിക്കാസഭകളിൽ ആത്മാവിന്റെ കാറ്റ് ശക്തിയായി മുഴങ്ങിക്കൊണ്ടിരിക്കുന്നു. **“ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും** (സഭാവിഭാഗത്തിലും) **അവനെ ഭയപ്പെട്ടുനീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുകയും ചെയ്യുന്നു** (അ.പ, 10:34,35). എന്നാൽ രക്ഷയുടെ സന്ദേശം വ്യക്തമായില്ലെങ്കിൽ ജനം വഞ്ചിതരാകും. പുനരുത്ഥാന നാളിൽ അപ്രതീക്ഷിതമായ പരിഭ്രമം ഉണ്ടാകാതിരിക്കുവാൻ കരുതിക്കൊള്ളേണ്ടതാണ്. മറിയായുടെ വാക്കുകളിലും അനുഭവങ്ങളിലും നിന്ന് രക്ഷയുടെയും ക്രിസ്തീയ ജീവിതത്തിന്റെയും അഞ്ചുപ്രധാന പാഠങ്ങൾ ഇവിടെ ഞാൻ കൊണ്ടുവരുന്നു. താഴെക്കാണുന്ന ഖണ്ഡികകൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് ഓരോ റോമൻ കത്തോലിക്കാ സ്നേഹിതരോടും ഞാൻ അപേക്ഷിക്കുകയാണ്.

### 1. സൗജന്യദാനമായ രക്ഷയെ സ്വീകരിക്കുവിൻ

മറിയ പറഞ്ഞു: എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കും (ലൂക്കൊ. 1:47). മറിയ താനൊരു പാപിയാണെന്ന് സമ്മതിച്ചതിലലാണ് അവൾ ദൈവത്തെ അവളുടെ രക്ഷിതാവ് എന്നു വിളിച്ചത്. രോഗിക്ക് മാത്രമെ വൈദ്യനെക്കൊണ്ട് ആവശ്യമുള്ളൂ. ഒരു പാപിക്ക് മാത്രമേ രക്ഷകന്റെ

ആവശ്യമുള്ളൂ. **“എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു”** (റോമ. 3:23) എന്നു വേദപുസ്തകം പറയുന്നു. “എല്ലാവരും” എന്നു പറയുന്നതിൽ യേശുവിനെ കൂടാതെ മറിയ, യോസഫ് തുടങ്ങി മറ്റെല്ലാവരും ഉൾപ്പെട്ടിരിക്കുന്നു.

നമ്മുടെ മതപരമായ ആചാരാനുഷ്ഠാനങ്ങൾ മൂലമോ സാമൂഹ്യസേവനങ്ങൾ മൂലമോ ദൈവത്തിന്റെ രക്ഷ സമ്പാദിക്കാൻ സാധ്യമല്ല. **“നമ്മുടെ നീതി പ്രവർത്തികൾ ഒക്കെയും കറപിരണ്ട തുണി പോലെയാണ്”** (യെശ. 64:6). ശൗൽ മതഭക്തിയുള്ള ഒരു മനുഷ്യനായിരുന്നു. അവൻ എട്ടാംനാളിൽ പരിച്ഛേദന ഏറ്റു. അവൻ യിസ്രായേൽ ജാതിക്കാരനും ബെന്യാമിൽ ഗോത്രക്കാരനും ആണ്. അവൻ എബ്രായരിൽ നിന്നു ജനിച്ച് എബ്രായനും ന്യായപ്രമാണം സംബന്ധിച്ചു പരീശനുമായിരുന്നു (ഫിലി. 3:4–7) എന്നാൽ തനിക്കുലാഭമായിരുന്നതു ഒക്കെയും ക്രിസ്തുനിമിത്തം ചേതം എന്നു എണ്ണി. നിങ്ങളും ഒരുപക്ഷേ ക്രിസ്തീയ മാതാപിതാക്കളാൽ ജനിപ്പിക്കപ്പെട്ടവരും നിങ്ങളുടെ സഭയിൽ സ്നാനപ്പെട്ടവരും, നിങ്ങളുടെ സഭയുടെ എല്ലാ ആചാരനുഷ്ഠാനങ്ങളിലൂടെ കടന്നുപോകുന്നവരും നിങ്ങളാൽ കഴിയുന്ന നല്ല ജീവിതം ചെയ്യുന്നവരും ആയിരിക്കും. ഇതും ഇതിലധികവും ചെയ്താലും അതൊന്നും തന്നെ രക്ഷക്കു മുഖാന്തിരമാകുന്നില്ല. രക്ഷ ദൈവത്തിന്റെ ദാനമാണ്. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല (എഫെ. 28:9) എന്നു വേദപുസ്തകം തെളിവായി പറയുന്നു.

സഭ നിങ്ങളെ രക്ഷിക്കുകയില്ല. നിങ്ങളുടെ പുരോഹിതന്മാരും നിങ്ങളെ റോസരി പ്രാർത്ഥനകളും നിങ്ങളെ രക്ഷിക്കയില്ല. നിങ്ങളുടെ വഴിപാടുകളും കുർബാനയിലെ നിങ്ങളുടെ പങ്കാളിത്തവും നിങ്ങളെ രക്ഷിക്കയില്ല. നിങ്ങൾ ക്രിസ്തു യേശുവിനെ വിശ്വസിക്കുമെങ്കിൽ– അവനെ മാത്രം വിശ്വസിക്കുമെങ്കിൽ – അവൻ മാത്രമേ നിങ്ങളെ രക്ഷിക്കയുള്ളൂ. ഇപ്പോൾ തന്നെ ദൈവത്തോട് നിലവിളിക്കുക, “ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ”! കാൽവരി ക്രൂശിൽ ക്രിസ്തു നിങ്ങൾക്കായി മരിച്ചുവെന്നും ദൈവശക്തിയാൽ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്നും

നിങ്ങൾ ഹൃദയത്തിൽ വിശ്വസിക്കുക. ഉറച്ച വിശ്വാസത്തോടെ ക്രിസ്തുവിനെ നിങ്ങളുടെ സ്വന്തരക്ഷിതാവായി സ്വീകരിക്കുക. തന്നെ യേശുവിനെ സ്വീകരിച്ചവർക്കെല്ലാം തന്റെ (യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവം മക്കളാകാൻ ദൈവം കഴിവു നൽകി (യോഹ 1:12).

ക്രിസ്തുവാണ് ദൈവത്തിനും മനുഷ്യർക്കും മധ്യേയുള്ള ഏകമദ്ധ്യസ്ഥൻ (1 തിമൊ. 3:5,6). അവൻ പാപരഹിതനായ രക്ഷകനാണ്. ഒരുപാപിക്ക് പരിശുദ്ധനായ ദൈവത്തിനും പാപികളായ മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായിരിക്കുവാൻ കഴിയുകയില്ല. മറിയ ദൈവത്തിനു പ്രസാദമുള്ള ഒരു ജീവിതം നയിച്ചിരുന്നു. എന്നാൽ ദൈവപുത്രനായ യേശുവിനെപ്പോലെ അവൾ പാപരഹിതയല്ല. വഞ്ചിതരാകരുത്. **"ഞാൻ തന്നെ വഴി ..... ഞാൻ മുഖാന്തിരം ആല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"** (യോഹ. 14:6) എന്നു യേശു പറഞ്ഞു. യേശുവിന്റെ അടുക്കൽ എത്തുന്നതിനു മറ്റേതെങ്കിലും വഴിയോ മാധ്യമമോ യേശു നിർദ്ദേശിച്ചില്ല. പുത്രന്റെ അടുക്കൽ അവന്റെ അമ്മ മുഖാന്തിരമാണ് പോകേണ്ടത് എന്ന ആശയം പൂർണ്ണമായും മാനുഷികമാണ്. പിശാചിന്റെ വിദഗ്ദ്ധതന്ത്രങ്ങളെ സൂക്ഷിച്ചുകൊൾവിൻ. കാരണം ദൈവം പറഞ്ഞിട്ടുള്ളതിനോട് തന്റേതും കൂട്ടിച്ചേർത്ത് അപകടമില്ലാത്തതുപോലെ പ്രയോഗിക്കുവാൻ പിശാച് സമർത്ഥനാണ്.

നിങ്ങളുടെ പാപങ്ങളെ ചുമന്നവനും രക്ഷിതാവുമായി ക്രിസ്തുവിനെ കണ്ടുകൊണ്ട് മാനസാന്തരപ്പെടുകയും അവനെ ജീവിതത്തിൽ സ്വീകരിക്കുകയും ചെയ്താൽ നിങ്ങൾക്കും മറിയയെപ്പോലെ ദൈവത്തിന്റെ വലിയ രക്ഷയിൽ "ആനന്ദിക്കുവാൻ" കഴിയും.

**2. ദൈവ വചനത്തിന്റെ അധികാരത്തിനു നിങ്ങളെ സമർപ്പിക്കുവിൻ.**

മറിയം പറഞ്ഞു, ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കൊ. 1:38). "ദാസി" എന്ന വാക്ക് വേലക്കാരി എന്നും 'അടിമ' എന്നും ഭാഷാന്തരം ചെയ്തിട്ടുണ്ട്. ദൈവവചനത്തിന്റെ പരമാധികാരത്തെ മറിയ അംഗീകരിക്കുകയും ഒരുപക്ഷേ ദൈവദൂതൻ പറഞ്ഞതു എല്ലാം "മനസ്സിലായില്ലെങ്കിലും" ഒരു അടിമയെപ്പോലെ അവൾ ദൈവത്തിനായി തന്നെത്തന്നെ സമർപ്പിച്ചു.

ദൈവത്തിന്റെ നാമവും വാഗ്ദാനവും അത്യുന്നതമാണ് എന്നു വേദപുസ്തകം പറയുന്നു. (സങ്കീ. 138:2). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ ദൈവവചനമോ ഒരിക്കലും മാറിപ്പോവില്ല. ദൈവവചനത്തിനപ്പുറം മറ്റൊന്നുമില്ല. വേദപുസ്തകത്തിലെ 66 പുസ്തകങ്ങളും ദൈവത്തിന്റെ ശബ്ദമാണ്. ദൈവവചനത്തിന് ഒരിക്കലും മാറ്റം സംഭവിക്കുകയില്ല. കൂടാതെ ദൈവത്തിന്റെ വാക്കുകളും പ്രവർത്തിയും പരസ്പരവിരുദ്ധവുമാകയില്ല. അത് നിത്യമായി സ്ഥിരപ്പെട്ടിരിക്കുന്നു. തന്റെ വചനത്തിന്മേൽ ജീവിതം പടുത്തുയർത്തുന്നവൻ ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാണെന്ന് യേശു പറഞ്ഞു (മത്താ. 7:24–28).

തിരുവെഴുത്തുകളുടെ പൂർണ്ണതയും പരമാധികാരവും വാസ്തവികതയും യേശു അനവധി പ്രാവശ്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഈ സൂചികകളെ നോക്കുവിൻ: വിശുദ്ധ ലിഖിതത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ (മത്താ. 21:42). വിശുദ്ധലിഖിതം എങ്ങനെ നിറവേറ്റും (മത്താ. 26:54). വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ തെറ്റുപറ്റി (മത്താ. 22:29).

സത്യം മനസ്സിലാക്കേണ്ടതിന് അപ്പൊസ്തലന്മാർ വിശുദ്ധഖി തങ്ങളെ പരിശോധിച്ചിരുന്നു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു എന്നും വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല (1 പത്രൊ. 2:6; 2 പത്രൊ. 1:20) എന്നും പത്രൊസ് ഊന്നി പ്രസ്താവിക്കുന്നു. വിശുദ്ധലിഖിതം എന്തു പറയുന്നു എന്ന് പൌലൊസ് ചോദിച്ചു (റോമ 4:3; 11:2; ഗലാ. 4:30).

സഭയുടെ പാരമ്പര്യങ്ങൾ എത്രതന്നെ നല്ലവയായിരുന്നാലും മാറ്റമില്ലാത്ത ദൈവവചനത്തിന്റെ മുമ്പിൽ അവയെ മാറ്റി വയ്ക്കേണ്ടിവരും തങ്ങളുടെ മുമ്പിൽ ദൈവവചനത്തെ ദുർബലമാക്കിയ തന്റെ കാലത്തെ മതനേതാക്കന്മാരെ യേശു ശാസിച്ചു (മത്താ. 15:6; മർക്കൊ. 7:13), വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നമ്മുടെ നടപ്പിൽ “നിന്നും” നമ്മെ വീണ്ടെടുത്തിരിക്കുന്നതു ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവചനം

“മൂലമാണു” എന്നു പത്രൊസ് പറയുന്നു. (1 പത്രൊ. 1:18,23), സഭയോ സഭാനേതാക്കന്മാരോ അല്ല വേദപുസ്തകത്തിനാണ് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകേണ്ടത്.

നല്ല പരിഭാഷയിലുള്ള ഒരു വേദപുസ്തകം ഉടൻ തന്നെ വാങ്ങുകയും നിങ്ങളോടുള്ള ദൈവസന്ദേശം നിങ്ങൾ തന്നെ വായിക്കുക. ക്രിസ്തുവിനെ നിങ്ങളുടെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുമ്പോൾ നിങ്ങൾ ദൈവപൈതലായി തീർന്നു. ആകയാൽ ദൈവത്തിന്റെ വിത്തു നിങ്ങളിൽ ഉണ്ട്. ദൈവം തന്റെ ആത്മാവിനാൽ തന്റെ വചനം പഠിപ്പിക്കുകയും സകല സത്യത്തിലും വഴി നടത്തുകയും ചെയ്യും. വേദപുസ്തക വിരുദ്ധമായ ഏതൊന്നിനെയും തിരസ്കരിക്കുകയും വേദപുസ്തകപരമായവയെ മുറുകെ പിടിക്കുകയും വേണം. ഉറപ്പുള്ളവരായിരിപ്പിൻ, തന്റെ വചനത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും. നിങ്ങളുടെ സ്നേഹിതന്മാർ നിങ്ങളെ വെറുക്കുകയോ ആക്ഷേപിക്കുകയോ ചെയ്തെന്നുവരാം. അവർക്കുനേരെ ഒരു ചെകിടനെ പോലെ ഇരിക്കുക. ദൈവവചനത്തെക്കുറിച്ച് പിശാച് ഭയപ്പെടുന്നതുകൊണ്ട് അവൻ നിങ്ങളെ തുറിച്ചുനോക്കും, പരിഭ്രമിക്കരുത്. തിരഞ്ഞെടുക്കപ്പെട്ട വേദവചനങ്ങൾ കാണാതെ പഠിക്കുകയും നിങ്ങളെ പരീക്ഷിക്കുമ്പോൾ അവനെതിരായി അതിനെ ഉപയോഗിക്കുകയും ചെയ്യുവിൻ. ക്രിസ്തുവിന്റെ മാതൃക പിൻതുടരുവിൻ (മത്താ. 4:1–11).

വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ജീവിതമാണ് ക്രിസ്തീയ ജീവിതം. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിക്കുകയും അവന്റെ കല്പനകളെ അനുസരിക്കുകയും ചെയ്യുക. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നാം അവന്റെ കല്പനകളെ അനുസരിക്കുകയും അവ നമുക്കു ഭാരമുള്ള തല്ലാതരിക്കയും ചെയ്യും (1 യോഹ. 5:3). പുതിയനിയമം ശ്രദ്ധയോടുകൂടെ വായിക്കയും യേശുവിന്റെ കല്പനകളെ അടയാളപ്പെടുത്തുകയും ചെയ്യുക. അവന്റെ കൃപയാലും ശക്തിയാലും അവയോരോന്നും അനുസരിക്കുവാൻ ആരംഭിക്കുക. ക്രിസ്തുവിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ ഒന്ന് സ്നാനപ്പെടുക എന്നതാണ് (മത്താ. 28:19; മർക്കൊ. 16:16). പത്രോസും അതേകാര്യം തന്നെ പറഞ്ഞു: പശ്ചാത്തപിച്ചു

സ്നാനപ്പെടുവിൻ (അ.പ്ര. 2:38). പശ്ചാപത്തിനും വിശ്വാസത്തിനും മുൻപ് നിങ്ങൾ ഏത് അനുഷ്ഠാനങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെങ്കിലും അതെല്ലാം അർത്ഥമില്ലാത്തതും കണക്കിൽ ഉൾപ്പെടാത്തതുമാണ്. പശ്ചാത്താപം അതിനുശേഷം സ്നാനം; വിശ്വസിക്കയും സ്നാനപ്പെടുകയും ചെയ്യുകയാണ് ശരിയായ ക്രമം. ദൈവീകക്രമത്തെ മാറ്റുവാൻ ആർക്കും ഒരധികാരവുമില്ല. വിശുദ്ധലിഖിതങ്ങളെ അനുസരിപ്പിൻ.

ഒരു അടിമയപ്പോലെ ദൈവവചനത്തിന്റെ അധികാരത്തിനു മറിയം തന്നെത്തന്നെ കീഴ്പ്പെടുത്തിയപ്പോൾ മാനവരാശിയുടെ മുഴുവൻ അനുഗ്രഹവും കടന്നുപോകുവാൻ അവൾ ഒരു വഴിയായി, അബ്രഹാം വിശ്വസിക്കയും ദൈവവചനം അനുസരിക്കുകയും ചെയ്തു. അവൻ അനുഗ്രഹിക്കപ്പെടുകയും ഭൂമിയിലെ സകലകുടുംബത്തിനും അവൻ ഒരനുഗ്രഹമാകുകയും ചെയ്തു. ഈ ഉദാഹരണങ്ങളെ അനുധാവനം ചെയ്യുവിൻ മറിയയുടെ വ്യക്തമായ സന്ദേശത്തിലെ തെറ്റില്ലാത്ത ഒരു കുറിപ്പാണിത് “അവൻ” നിങ്ങളോട് പറയുന്നതു ചെയ്വിൻ (യോഹ 2:5).

## 3. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവിൻ

മറിയത്തിന്റെമേൽ പരിശുദ്ധാത്മാവു വന്നു അത്യുന്നതന്റെ ശക്തി ആവസിച്ചപ്പോൾ അവർ ഗർഭിണിയായി (ലൂക്കൊ. 1:35). ഇത് അനുഗ്രഹകരമായ അതുല്ല്യ അനുഭവം. എന്നാൽ യേശു തന്റെ ശിഷ്യന്മാരോട് പരിശുദ്ധാത്മാഭിഷേകം പ്രാപിക്കേണ്ടതിന് കാത്തിരിക്കുവാൻ കല്പിക്കുമ്പോൾ, 120 പേരിൽ ഒരു വ്യക്തിയായി മറിയവും അനുസരണത്തോടെ വിനയപൂർവ്വം മറ്റുള്ളവരോടൊപ്പം മാളിക മുറിയിൽ കാത്തിരുന്നു. (അ.പ്ര. 1:14). മറ്റു ശിഷ്യന്മാരെപ്പോലെ അവൾ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും വിവിധഭാഷകളിൽ സംസാരിച്ചുകൊണ്ട് ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെ വിവരിക്കുകയും സ്തുതിക്കയും ചെയ്തു (അ.പ്ര. 2:4,1). ക്രിസ്തുവിനുവേണ്ടി സാക്ഷിയായി നില്ക്കുവാൻ പരിശുദ്ധാത്മാശക്തി മറിയത്തിന് ആവശ്യമായിരുന്നു. (അ.പ്ര. 1:8). ത്രിത്വത്തിൽ മൂന്നാമത്തെ അനുഗ്രഹിക്കപ്പെട്ട ആളത്വത്തിന്റെ ശക്തിയെ വിട്ടു അവൾക്ക് ഒന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല.

പെന്തെക്കൊസ്തുനാളിൽ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാപകർച്ച കണ്ട് അത്ഭുതസ്തബ്ദരായ യഹൂദന്മാർ ഞങ്ങൾ എന്തുചേയ്യണം എന്ന് പത്രോസിനോടും ചോദിച്ചപ്പോൾ അവൻ ഉടനെ തന്നെ പശ്ചാത്താപിച്ച് സ്നാനമേൽക്കുവിൻ എന്നാൽ പരിശുദ്ധാത്മദാനം നിങ്ങൾക്കു ലഭിക്കുമെന്നു പറഞ്ഞു. “വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതാണ്” എന്നും കൂടെ പറഞ്ഞു (അ.പ്ര. 2:37–39). അതെ, സ്നേഹിതാ, നിങ്ങൾ ദൈവത്തിന്റെ പൈതലാണെങ്കിൽ പരിശുദ്ധാത്മാവിന്റെ വാഗ്ദത്തം നിങ്ങൾക്കായിട്ടുള്ളതാണ്.

പരിശുദ്ധാത്മാശക്തി നമ്മുടെ ജീവിതത്തിൽ അത്യന്താപേക്ഷിതമായിരിക്കുന്നതിനു അനേക കാരണങ്ങൾ ഉണ്ട്. (a) പരിശുദ്ധാത്മാവ് നമ്മെ “വിശുദ്ധീകരിക്കുന്നു”. പിശാചിന്റെ പരീക്ഷകളെ ജയിക്കുവാൻ അവൻ നമ്മെ ശക്തീകരിക്കുന്നു. അവന്റെ ഫലങ്ങളെ നമ്മിൽ നിന്നും പുറപ്പെടുവിപ്പിക്കുന്നു. ഓരോ ദിവസവും യേശുവിനോട് നമ്മെ അനുരൂപരാക്കുന്നു (b) വേദപുസ്തകത്തിന്റെ നാഥൻ പരിശുദ്ധാത്മാവാണ്. അവൻ നമ്മെ സകല സത്യത്തിലും വഴിനടത്തുകയും, ദൈവീകമർമ്മങ്ങളെ ഗ്രഹിക്കുവാൻ തക്കവണ്ണം അവൻ നമ്മുടെ കണ്ണുകളെ തുറക്കുകയും ചെയ്യുന്നു. യേശു പറഞ്ഞ വാക്കുകളെ അവൻ നമുക്കു ഓർമ്മപ്പെടുത്തുന്നു. ശരിയായ സമയത്ത് ശരിയായ വാക്കുകൾ (c) നമ്മുടെ പ്രാർത്ഥനകളിൽ നമ്മെ സഹായിക്കുന്നു. എപ്രകാരം പ്രാർത്ഥിക്കണമെന്ന് വാസ്തവമായി നമുക്കറിയില്ല. അവൻ നമ്മിലൂടെ പ്രാർത്ഥിക്കുന്നു. അവൻ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്ക് യാഥാർത്ഥ്യമാക്കുന്നു. (d)പരിശുദ്ധാത്മാവ് ആശ്വാപ്രദനാണ് കഷ്ടതകളും വേദനകളും ആഞ്ഞടിക്കുന്നവേളകളിൽ അവൻ നമ്മെ ബലപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അവൻ നമ്മുടെ മർത്യശരീരങ്ങളെ ജീവിപ്പിക്കുന്നു (e) നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതവും നടത്തിപ്പും അറിയുവാൻ അവൻ നമ്മെ പ്രാപ്തരാക്കുന്നു. (f) ക്രിസ്തുവിനെക്കുറിച്ച് ധൈര്യമായി സാക്ഷി പറയുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കുന്നു മറ്റുള്ളവരുടെ അനുഗ്രഹത്തിനായി

ഉപയോഗിക്കുവാൻ തന്റെ വരങ്ങൾ അവൻ നല്കുന്നു. (g) എല്ലാ സാഹചര്യങ്ങളിലും നാം ദൈവത്തിന്റെ മക്കളാണെന്നും എല്ലാം നമ്മുടെ നന്മക്കായി കൂടിച്ചേരുമെന്നും അവൻ നമുക്ക് ഉറപ്പു നൽകുന്നു. ഹാ, അനുഗ്രഹിക്കപ്പെട്ട പരിശുദ്ധാത്മാവ്!

പരിശുദ്ധാത്മാവ് പ്രാപിക്കുന്നതെങ്ങനെ? നിങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടുവെന്നും നിങ്ങൾ ഒരു ദൈവപൈതലുമാണെന്നു സത്യം ഉറപ്പുവരുത്തുക, ശിശുവിനെപ്പോലുള്ള വിശ്വാസവും ആത്മാർത്ഥമായ ദാഹവും നിറഞ്ഞ പ്രാർത്ഥനയോടുകൂടെ ദൈവസന്നിധിയിൽ കടന്നുവരിക. വിശന്നിരിക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ (അവർക്കു മതിയായത് ഉണ്ടെന്നു തോന്നുന്നവർ) വെറും കൈയ്യോടെ പറഞ്ഞയച്ചു (ലൂക്കൊ. 1:53), എന്നു മറിയം പറയുന്നു. അവന്റെ വാഗ്ദത്തം പോലെ നിറയ്ക്കുവാനായി അവനോട് ചോദിക്ക്, മക്കൾക്കു നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്കു അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല ! (ലൂക്കൊ. 11:13).

## 4. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുവിൻ.

എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു എന്നു മറിയം പറഞ്ഞു (ലൂക്കൊ. 1:46). ദൈവത്തിന്റെ ശക്തിയും, കരുണയും അധികാരവും വാഗ്ദത്തങ്ങളിലുള്ള വിശ്വസ്തതയും നിമിത്തം അവൾ കർത്താവിനെ ആരാധിച്ചു. ലൂക്കൊസ് 1:46–55 വരെയുള്ള മറിയത്തിന്റെ പാട്ട് മുഴുവനും ഒരു ആരാധനയും സ്തുതിയുമാണ്. അവൾ "ആത്മാവിൽ" ദൈവത്തെ ആരാധിച്ചു (വാക്യം 47).

ശരിയായ ആരാധനയെക്കുറിച്ച് യേശു വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവൻ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ. 4:24). ഏതു രീതിയിലുള്ള വിഗ്രഹാരാധനയും പാപമാണ്. കാരണം, അത് ദൈവ കല്പനയോടുള്ള പ്രത്യക്ഷമായ അനുസരണക്കേടാണ്. പഴയ നിയമത്തിലെ ജനത്തിന്റെമേൽ ദൈവത്തിന്റെ ന്യായവിധി വന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് വിഗ്രഹാരാധന എന്ന പാപമത്രേ.

ക്രിസ്തുവിന്റെയോ വിശുദ്ധന്മാരുടെ പ്രതിമകളെ കൈവശം വയ്ക്കുന്നതോ തെറ്റ് എന്ന ചിന്ത കാലാകാലങ്ങളിലൂടെ സാത്താൻ ക്രിസ്ത്യാനികൾക്കുള്ളിൽ കടത്തിവിട്ടിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ പത്തു കല്പനകളിൽ രണ്ടാമത്തെ കല്പനയുടെ നിർമ്മലത ശ്രദ്ധിക്കുക: ഒരു പ്രതിമയോ സ്വരൂപമോ മീതെ സ്വർഗ്ഗത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയും അരുത്. അവയ്ക്കുമുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയും ചെയ്യരുത്. നിന്റെ ദൈവമായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നുംനാലും തലമുറവരെ ഞാൻ ശിക്ഷിക്കും (പുറ. 20:4,5). ഈ കല്പന പ്രതിമകളെ ആരാധിക്കുന്നതു മാത്രമല്ല വെറുതെ അതു ഉണ്ടാക്കുന്നതിനെയും തടഞ്ഞിരിക്കുന്നു. ഒന്നിന്റെയും എന്ന വാക്കിൽ ഒന്നുപോലും ഒഴിവാക്കപ്പെട്ടിട്ടില്ല എന്നു വ്യക്തമായി കാണുവാൻ കഴിയും. പ്രതിമയെ ആരാധിക്കുന്നത് "കുറ്റം" എന്നാണ് ദൈവം വിളിക്കുന്നത് കാരണം. ഇത് തന്നെ വെറുക്കുന്നതിനോട് തുല്ല്യമായതിനാൽ ദൈവം വിഗ്രഹാരധനയെ കുറ്റം എന്നു പറയുന്നു. ദൈവത്തെ ഒരു ചിത്രമായും ഒരു പ്രതിമയായും സങ്കുചിതപ്പെടുത്തുന്നത് അവന്റെ നാമത്തെ അപമാനിക്കുന്നതല്ലാതെ മറ്റൊന്നുമല്ല. ആരും തന്നെ യേശുവിന്റെ പടമെടുത്തിട്ടില്ല. ഇന്നു കാണപ്പെടുന്ന യേശുവിന്റെ ചിത്രങ്ങൾ എല്ലാം ഊഹിച്ചു വരച്ചതും പാരമ്പര്യത്തിന്റേതുമാണ്. പൌലോസ് വ്യക്തമായി പറയുന്നു: ഇപ്പോൾ മുതൽ ഞങ്ങൾ ആരെയും മാനുഷികമായ കാഴ്ചപ്പാടിൽ വീക്ഷിക്കുന്നില്ല. ഒരിക്കൽ ഞങ്ങൾ മാനുഷീകമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിക്കുന്നു. എങ്കിലും ഇനി ഒരിക്കലും അങ്ങനെ ചെയ്യുകയില്ല (2 കൊരി 5:16).

കുർബാന ആചാരണവും പുതിയ ഉടമ്പടി പ്രകാരമുള്ള ലളിതമായ പഠിപ്പിക്കലിന് വിരുദ്ധമാണ്. ഒരിക്കൽ മാത്രമായും എന്നന്നേക്കുമായും ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചു. അവന്റെ ബലി ഒരു ഒരർത്ഥത്തിലും ഇനി ആവർത്തിക്കേണ്ടതില്ല. അതിനെ ആത്മീകമായി ആത്മീകമായി ഓർമ്മിക്കുക മാത്രമാണ് ചെയ്യേണ്ടത്. ദൈവഹിതമനുസരിച്ച് യേശുക്രിസ്തുവിന്റെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി

നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. **പാപങ്ങളകറ്റാൻ കഴിവില്ലാത്ത ബലികൾ ആവർത്തിച്ചർപ്പിച്ചുകൊണ്ട് ഓരോ പുരോഹിതനും ഓരോ ദിവസവും ശുശ്രൂഷ ചെയ്യുന്നു. എന്നാൽ, അവിടുന്നാകട്ടെ, പാപങ്ങൾക്കുവേണ്ടി എന്നെന്നേക്കുമായി ഏകബലി അർപ്പിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി ശത്രുക്കളെ തന്റെ പാദപീഠം ആക്കുവോളം അവൻ കാത്തിരിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ടവരെ അവൻ ഏകബലി സമർപ്പണം വഴി എന്നന്നേക്കുമായി പരിപൂർണ്ണരാക്കിയിരിക്കുന്നു.** പരിശുദ്ധാത്മാവു തന്നെ നമുക്കു സാക്ഷ്യം നല്കുന്നു (എബ്രാ. 10:10–15).

കർത്താവിന്റെ അത്താഴം, എന്നു പറയുന്നത് കർത്താവ് കാൽവരിക്രൂശിൽ നമുക്കായി നിവർത്തീകരിച്ചത് നന്ദിയോടും സന്തോഷത്തോടും "ഓർമ്മിക്കുന്നത്" മാത്രമാണ്. അപ്പവും വീഞ്ഞു അവന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അടയാളമാണത്. അവയെ ആശീർവദിച്ചശേഷവും അതു അപ്പവും വീഞ്ഞുമായി തന്നെ ഇരിക്കും. അത് യേശുവിന്റെ രക്തവും, ശരീരവുമായി മാറുന്നു എന്നു പറയുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ആദിമ അപ്പൊസ്തലന്മാർ സഭയിൽ ഒരുമിച്ചു കൂടി വരുമ്പോൾ അവിടെ പുരോഹിതന്മാർ അപ്പവും വീഞ്ഞും "നൽകുന്ന" പതിവില്ലായിരുന്നു. അവരെല്ലാവരും ചേർന്ന് അപ്പം നുറുക്കി. നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? (1 കൊരി. 10:16). അതുപോലെ തന്നെ, പുതിയ നിയമസഭയിൽ ബലിപീഠമില്ല. പുതിയ ഉടമ്പടി തികച്ചും മഹത്വമേറിയ ആത്മീകമാണ്.

നിങ്ങൾ അനുതപിക്കേണ്ട മറ്റൊരു പാപം മറിയത്തെ ആരാധിക്കുന്നതാണ്. . മറിയം ഒരു മനുഷ്യസൃഷ്ടിയാണ്, ദൈവീകമല്ല. ദൈവത്തിന്റെ കൃപാദാനത്താലും പ്രസാദത്താലും അവൾ വാഴ്ത്തപ്പെട്ടവളായി. അവളുടെ അനുഗ്രഹത്തിന്റെ രഹസ്യം അവളോടൊപ്പം കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു എന്നതാണ് (ലൂക്കൊ. 1:28,30). യേശുവിനെ ഗർഭം ധരിച്ചത് അത്യുന്നതന്റെ ശക്തി അതായത്

പരിശുദ്ധാത്മാവ് അവളുടെമേൽ ആവസിച്ചപ്പോൾ ആയിരുന്നു. അവൾക്ക് മറ്റുള്ളവരെ രക്ഷിക്കുവാനുള്ള ഗുണവിശേഷങ്ങൾ ഒന്നുംതന്നെയില്ല. അവളുടെ രക്ഷയ്ക്കുവേണ്ടി പോലും അവൾ ദൈവത്തെ നോക്കുകയായിരുന്നു. കാരണം ക്രിസ്തുവിന്റെ മോചനബലിയിൽ സമസ്ഥാനം അർഹിക്കുന്ന വേറൊരു വ്യക്തിയും ഇല്ലാത്തതിനാൽ മറിയത്തെ ആരാധിക്കുന്ന ഏതൊരു വ്യക്തിയും ക്രിസ്തുവിന്റെ ക്രൂശിന്റെ ശത്രുവാണ്. വിദ്വാന്മാർ ചെയ്തത് ശരിയായ സംഗതിയായിരുന്നു. അവർ യേശുവിനെയും മറിയയെയും കണ്ടു. എന്നാൽ യേശുവിനെ മാത്രം അവർ നമസ്കരിച്ചു! (മത്താ. 2:11). അവർ കൊണ്ടുവന്ന മൂന്നു സമ്മാനങ്ങളും യേശുവിനുമാത്രം നൽകി– ഒരെണ്ണം മറിയയ്ക്ക്, ഒരെണ്ണം യോസെഫിന്, ഒരെണ്ണം യേശുവിന്, അങ്ങനെയായിരുന്നില്ല. മരിയൻ ശാസ്ത്രത്തെക്കുറിച്ച് അതായത് മറിയത്തിന്റെ ഉപദേശത്തെക്കുറിച്ച് വേദപുസ്തകമോ ക്രിസ്തുവോ യാതൊന്നും പരമാർശിച്ചിട്ടില്ല. അത് തികച്ചും മാനുഷീക ചിന്തയാണ്. **ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ** (സദൃ. 14:12).

**5. വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുക**

ഒരു ദിവസം യേശുവിന്റെ സഹോദരന്മാരും അവന്റെ അമ്മയും വന്നു പുറത്തുനിന്നു അവനെ വിളിപ്പാൻ ആളയച്ചു. അവന്റെ ചുറ്റും പുരുഷാരം ഇരുന്നിരുന്നു; അവർ അവനോട്: **നിന്റെ അമ്മയും സഹോദരന്മാരും പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു** എന്നു പറഞ്ഞു. എന്നാൽ യേശു അവരോട് ഉത്തരം പറഞ്ഞതു: **“എന്റെ അമ്മയും സഹോദരന്മാരും ആർ? എന്നു പറഞ്ഞിട്ടു ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ടു: എന്റെ അമ്മയും സഹോദരന്മാരും ഇതാ ! ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു”** എന്നുപറഞ്ഞു (മർക്കൊ. 3:31–35).

“വെളിയിലേക്ക് വിളിക്കപ്പെട്ടവർ” എന്നർത്ഥമുള്ള എക്ലീസിയാ എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് “സഭ” എന്ന വാക്ക് ഉണ്ടായത്. അതെ, ജീവനുള്ള ദൈവത്തെ സേവിക്കാനും അവന്റെ ഇഷ്ടം അനുസരിക്കാനും

വിഗ്രഹാരാധനയും വ്യഭിചാരവും നിറഞ്ഞ ഈ ലോകത്തിൽ നിന്നു വെളിയിലേക്ക് വിളിക്കപ്പെട്ടവരുടെ സമൂഹമാണ് അല്ലെങ്കിൽ കൂട്ടായ്മ ആണ് സഭ. അത് ദൈവത്തിന്റെ കുടുംബമാണ്. കാരണം, അതിലെ അംഗങ്ങൾ മുൻപ് പിശാചിന്റെ മക്കളായിരുന്നവരും എന്നാൽ ഇപ്പോൾ ദൈവമക്കളായിത്തീർന്നവനാണ്. അത് ക്രിസ്തുവിന്റെ ശരിയാണ്. കരാണം, അതിലെ അംഗങ്ങൾ ഓരോരുത്തരും വീണ്ടും ജനിച്ച്, പരിശുദ്ധാത്മാവിനാൽ സംയോജിപ്പിക്കപ്പെട്ടവരാണ്. വ്യക്തമായ ദൈവകല്പന ശ്രദ്ധിക്കുക: **അവിശ്വാസികളോട് കൂട്ടുചേരരുത്. ധർമത്തിനു തിന്മയോട് എന്തു ബന്ധം ? വെളിച്ചത്തിന് ഇരുളിനോട് എന്തു കൂട്ടായ്മ . . . . . വിശ്വാസിക്കും അവിശ്വാസിക്കും പൊതുവായി എന്തുണ്ട് ? ദൈവത്തിന്റെ ആലയവും വിഗ്രഹവുമായി എന്തു ചേർച്ച? ജീവനുള്ള ദൈവത്തിന്റെ ആലയമാണ് നാം . . . . അതുകൊണ്ട് അവരിൽ നിന്നും പുറത്തുകടക്കുക; അവരിൽ നിന്നു വിട്ടുമാറുക എന്നു കർത്താവു അരുൾചെയ്യുന്നു . . . . . അപ്പോൾ ഞാൻ നിങ്ങളെ സ്വീകരിക്കും, ഞാൻ നിങ്ങൾക്കൊരു പിതാവായിരിക്കും, നിങ്ങൾ എന്റെ പുത്രന്മാരും പുത്രിമാരും ആയിരിക്കും** എന്നു സർവശക്തനായ കർത്താവ് അരുളി ചെയ്യുന്നു (2 കൊരി. 6:14-18 ഓശാന ബൈബിൾ).

വിഗ്രഹങ്ങളോട് അന്യപ്പെടുവിൻ. പുതിയ ഉടമ്പടി പ്രകാരമുള്ള ഉപദേശത്തെ ആത്മാർത്ഥമായി അനുഗമിക്കുകയും സ്നേഹത്തിൽ നടക്കുകയും ചെയ്യുന്ന വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുക. നിർജ്ജീവ ആചാരങ്ങളെ ഉപേക്ഷിച്ച് ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന വിശ്വാസികളുമായുള്ള ആത്മീക ആരാധനയിൽ പങ്കുചേരുക. നിങ്ങളുടെ സ്നേഹിതരും ചാർച്ചക്കാരും ഈ പ്രവൃത്തിമൂലം നിങ്ങളെ ഉപദ്രവിച്ചെന്നുവരാം. എന്നാൽ യേശുവിന്റെ വാക്കുകളെ ഓർമ്മിക്കുക; **നീതിക്കുവേണ്ടി പീഡ അനുഭവിക്കുന്നവർ സൗഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്. മനുഷ്യൻ എന്നെ പ്രതി നിങ്ങളെ നിന്ദിക്കയും പീഡിപ്പിക്കയും സത്യവിരുദ്ധമായ സർവദൂഷണങ്ങളും പറയുകയും ചെയ്യുമ്പോൾ നിങ്ങൾ സൌഭാഗ്യവാന്മാർ; അപ്പോൾ നിങ്ങൾ**

**ആനന്ദിക്കുക, ആഹ്ലാദിക്കുക. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും മനുഷ്യർ ഇങ്ങനെ തന്നെ പീഡിപ്പിച്ചിട്ടുണ്ടല്ലോ** (മത്താ. 5:10-12), ''വിശ്വാസത്താൽ നീതിമാൻ ജീവിക്കും'' എന്നു ഘോഷിച്ച് ദൈവചനവിരുദ്ധമായവയുടെ മുമ്പിൽ മുട്ടുമടക്കാതെ നില്ക്കുവിൻ

നിങ്ങൾ കണ്ടെത്തിയ വിശ്വാസവും സന്തോഷവും മറെച്ചുവക്കാതെ മറ്റുള്ളവരോട് പങ്കിടേണ്ടതാണ്. മറിയത്തിനും യോസേഫിനും യേശുവിനെ ശരിയായി മനസ്സിലാക്കുവാൻ സാധിച്ചില്ല. എന്നാൽ യേശു തന്റെ മാതാപിതാക്കളോട് ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? എന്നു പറഞ്ഞതിനാൽ തന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം ദൈവത്തിനും അവന്റെ രാജ്യത്തിനുമായിരുന്നു എന്നു കാണാം (ലൂക്കൊ. 2:49,50). യേശുവിനെ സാക്ഷിക്കണം എന്നു പറയുമ്പോൾ നിങ്ങൾ ഒരു പൂർണ്ണസമയ സുവിശേഷ പ്രവർത്തകനോ, പ്രസംഗപീഠത്തിൽ നിന്ന് പ്രസംഗിക്കണമെന്നോ അല്ല അതിന്റെ അർത്ഥം. നിങ്ങൾ ഒരു വിദ്യാർത്ഥിയാണെങ്കിൽ സഹപാഠികളെ യേശുവിനായ് നേടുവാൻ പരിശ്രമിക്കുക. നിങ്ങൾ ഒരു വ്യവസായിയാണെങ്കിൽ വ്യവസായ മേഖലകളിലുള്ളവരെ ദൈവത്തിനായി നേടുക. ക്രിസ്തുവില്ലാത്ത ഓരോരുത്തരും നിത്യമായി നഷ്ടപ്പെട്ടവരാണ്. നിങ്ങളുടെ ഉത്തരവാദിത്വവും അവകാശവും ഉണർന്നു കൊണ്ട് അവരെ ജീവജലത്തിലേക്ക് നയിക്കുവിൻ.

ദൈനംദിന പ്രാർത്ഥനയും വേദപുസ്തക ധ്യാനവും നിങ്ങളുടെ ആത്മാവിന്റെ ആഹാരമാണ്. എന്നാൽ ക്രിസ്തുവിനുവേണ്ടി സാക്ഷിക്കുന്നത് വ്യായാമമാണ്. എത്രത്തോളം കൂടുതൽ നിങ്ങൾ സാക്ഷിക്കുമോ അത്രത്തോളം കൂടുതൽ നിങ്ങൾ ശക്തരാകും. ആത്മസമ്പാദകന്റെ സന്തോഷം പോലെ മറ്റൊന്നില്ല. ദാനിയേൽ 12:3ൽ വായിക്കുന്നതുപോലെ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. **"വിജ്ഞാനികൾ ആകാശമാനത്തിന്റെ പ്രഭപോലെയും അനേകരെ നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നെന്നും വിളങ്ങും"**.

ഈ ലേഖനത്തിലെ ദൈവവചനഭാഗങ്ങൾ വിവിധ വിവർത്തനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്.

# 2022, 2023 & 2024 Conventions

## 2022 Conventions

| | |
|---|---|
| 26-2-2022 | **Annaikatti Bethani** (Tribel Mission) Medical Centre Operation Theatre Opening Ceremony & Praise and Worship |
| 27-2-2022 | **Sunday Worship** Tribel Mission, Annaikatti |
| 17-4-2022 | **Sunday Worship** After 2½ Years in my Native Place **Salem C.S.I. Lechler Church** |
| 16-9-2022 | **Bangalore Praise & Worship** |
| 6-10-2022 | **Bombay** Methodist Church Convention |
| 29-10-2022 | **Kerala. Nilamboor** IPC Church Tribal Mission Convention |
| 5-11-2022 | **Chennai** Praising & Worship |
| 3-12-2022 | **Bangalore** (Jai Nagar), Christu Alayam (CSI) Convention |
| 6-12-2022 | **Madurai** (Elanthoppu) CSI Church Convention |
| 8-12-2022 | **Madurai** (Sellur) St. Thomas Church Convention |

## 2023 Conventions

| | |
|---|---|
| 26-1-2023 | **Thirunelvelli** (Maravan Vilai) CSI Convention |
| 17-2-2023 | **Kulasekaram** Salvation Army Convention, (Kanyakumari Dt.) |
| 24- 2-2023 | **Thirunelvelli** (NGO B Colony) CSI Church Convention |
| 3-3-2023 | **Coimbatore** Lakshmi Mills (Amman Kovil) ADD Memorial CSI Church Convention |
| 31-3-2023 | **Sivakasi** (Ragland CSI Church) Convention |
| 3-4-2023 | **Coimbatore** (Christ Church) CSI Convention |
| 7-4-2023 | **Bangalore** Christu Alayam, CSI Church Convention |
| 29-4-2023 | **Tuticorin** (Tovipuram) CSI Church Convention |
| 12-5-2023 | **Pragasapuram** (Tirunelvelli Dt.) CSI Church Convention |

| | |
|---|---|
| 19-5-2023 | **Ukiramkottai** CSI Church Convention |
| 26-5-2023 | **Cheran Mahadevi** CMS Sudhanga Church Convention (Nellai) |
| 4-6- 2023 | **Madurai** CSI Church Convention |
| 4-8-2023 | **Nellai Dt.** (Karicelpatti) CMS Church Convention |
| 17-9-2023 | **RC Chettipatti** ( JMS Christ Church) Convention |
| 22-9-2023 | **Sathur** SBM Church (Sathur) Convention |
| 26-10-2023 | **Madurai** ( All Souls CSI Church) Convention |

**NORTH INDIA**

24-10-2023 Gujarath, **Surath FMPB** Convention

**GULF Contries**

21-11-2023 (Oman) MUSCAT ( JW TLC Church) Convention

# 2024 Conventions

| | |
|---|---|
| 12-1-2024 | **Kanyakumari Dt.** Sarur (Tirupuram, Near Marthandam) Trinity ECI Church Convention |
| 15-1-2024 | **Tamilnadu Keswick Convention,** Kovilpatti, Tirunelvelli Dt. |

## Kerala Convention

| | |
|---|---|
| 26-1-2024 | **Kunnamkulam** Union Convention, Kerala |

## Tamilnadu Convention

| | |
|---|---|
| 16-2-2024 | **Vikrama Singapuram,** Tirunelvelli Dt. CSI Convention |
| 10-3-2024 | **Salem** Anderson Church Convention |
| 22-3-2024 | **(Maharashtra),** Sevagram Rural Blessing Mission Convention |
| 26-3-2024 | **Viavilai,** ECI Church Convention, Kanyakumari Dt. |

Other Conventions Dates & Details will be Publish later

**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN**
**(FORM IV)**

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam. Salem-636005 |

I, **Dr. M.G.E.PUSHPARAJ** *hereby declare that the particulars given above are true to the best of my knowledge and belief.*

Dated : 1- 3-2024
Salem - 636 005

**(Sd.) Dr. M.G.E.PUSHPARAJ**
*Signature of Publisher & Editor*

**FEBRUARY-2024**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.